(ബി) വസ്തുതർക്കം, അതിർത്തിത്തർക്കം തുടങ്ങിയ കേസ്സുകൾ സംബന്ധിച്ച് പോലീസ് സ്റ്റേഷനുകളിൽ പരാതി സ്വീകരിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടില്ല. നിലവിൽ പോലീസിന്റെ പരിഗണനയിലുള്ള ഹർജികൾ ഉൾപ്പെടെയുള്ള സിവിൽ തർക്കങ്ങൾ പരിഹരിക്കുന്നതിൽ സെക്ഷൻ 63 കെ.പി. ആക്ട് പ്രകാരം നിയമവിധേയമായി പോലീസ് ഇടപെടുന്നതാണ്.

(സി) സിവിൽ തർക്കങ്ങളെ തുടർന്നുണ്ടാകുന്ന അടിയന്തരപ്രശ്ന പരിഹാരത്തിന് സിവിൽ കോടതി ഉത്തരവുകളെയും കോടതി വിധികളെയും അനുവർത്തിച്ചുകൊണ്ടും 2011-ലെ കേരള പോലീസ് നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായുള്ള നടപടികളാണ് പോലീസ് സ്വീകരിക്കുന്നത്. അപ്രകാരമുള്ള പോലീസ് ഇടപെടലിൽ പ്രശ്നം പരിഹരിക്കാനാകുന്നില്ലായെങ്കിൽ റവന്യൂ അധികാരികളെയോ സിവിൽ കോടതികളെയോ ജനങ്ങൾക്ക് സമീപിക്കാവുന്നതാണ്.

വനനശീകരണം തടയാൻ പദ്ധതി

27 (*177) ശ്രീ. സി. എഫ്. തോമസ് :

ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന നശീകരണവും വനം കയ്യേറ്റവും തടയുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) വന നശീകരണം സംഭവിച്ച മേഖലകളിൽ സ്വാഭാവിക വനം വളർത്തിയെടുക്കുന്നതിനും പ്രകൃതിയുടെ നിലനിൽപ്പിനും ജൈവ വൈവിധ്യ സംരക്ഷണത്തിനുമായി വനവൽക്കരണ നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) ഉണ്ട്.

(ബി) വന നശീകരണം സംഭവിച്ച മേഖലകളിൽ സ്വാഭാവിക വനം വളർത്തിയെടുക്കുന്നതിനും, പ്രകൃതിയുടെ നിലനിൽപ്പിനും ജൈവവൈവിധ്യ സംരക്ഷണത്തിനുമായി വനവൽക്കരണ നടപടികൾ വനംവകുപ്പിന്റെ തുടർ പരിപാടിയായി നടപ്പാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly